പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *82 | 02.12 .2015 ൽ മറുപടിക്ക് |
|---|---|

**മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, എം.ഉമ്മർ**<br>**,, സി.മോയിൻ കുട്ടി**<br>**,, പി.ബി. അബ്ദുൾ റസാക്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്തെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ തക്ക വിധത്തിലുള്ള സൗകര്യങ്ങൾ നിലവിലില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ അപര്യാപ്തത പരിഹരിക്കാൻ എന്തൊക്കെ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | സംസ്ഥാനത്ത് 2013 മുതൽ സമഗ്ര മാനസിക ആരോഗ്യ പദ്ധതി നിലവിൽ വന്നു. എല്ലാ ജില്ലകളിലും മാനസിക രോഗം വന്ന സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം പകൽ വീടുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മാനസിക ആരോഗ്യപദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ ഫണ്ടിലൂടെ മാനസികാരോഗ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ആരോഗ്യ മിഷൻ ഫണ്ട് വഴി പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, |

| | | | |
|---|---|---|---|
| | | | കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ തന്നെ കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ IMHANS മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന് പുറമേ തിരുവനന്തപുരം , തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ മാനസികാരോഗ്യ കേന്ദ്രങ്ങളും 22 De- addition Centre-കളും പ്രവർത്തന സജ്ജമാണ്. കുട്ടികളിലെ മാനസിക രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്ന തിനുമായി District Early Intervention Centres (DEIC) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. |
| സി) | സമ്പൂർണ്ണ ചികിൽസ ആവശ്യമുള്ള വരുടെ കാര്യത്തിൽ അതിനുള്ള സൗകര്യമേർപ്പെടുത്തുകയും, അല്ലാത്ത കേസുകളിൽ കൗൺസിലിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമോ ? | സി) | കേരളത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾ- തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. കിടത്തി ചികിത്സയും പുനരധിവാസവും മാനസിക രോഗത്തിനുള്ള സമ്പൂർണ്ണ ചികിത്സയും ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ മാനസികാരോഗ്യ പദ്ധതി, ജില്ലാ മാനസികാരോഗ്യ പദ്ധതി, സമഗ്ര മാനസികാരോഗ്യ പദ്ധതി എന്നിവയിലൂടെ പ്രാഥമിക ചികിൽസ, കൗൺസിലിംഗ് തുടങ്ങിയ ചികിത്സാ സൗകര്യങ്ങളും, പകൽ വീട്ടുപോലുള്ള പുനരധിവാസ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.- |

സെക്ഷൻ ഓഫീസർ